വിസ-ഓൺ-അറൈവൽ സംവിധാനം

11 (*221) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിസ-ഓൺ അറൈവൽ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ടൂറിസം പ്രചരണത്തിന് പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നത് ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത സംവിധാനത്തിന് എന്തെല്ലാം പ്രചാരണ പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്.

(ബി) കേരളത്തിനു വിപണി സാധ്യതയുണ്ടെന്ന് വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽനിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽനിന്നുതന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുക എന്നതാണ് 'വിസ ഓൺ അറൈവൽ' സംവിധാനം. കുറഞ്ഞത് ആറ് മാസത്തെ പാസ്പോർട്ടുള്ള മേൽ രാജ്യങ്ങളിൽനിന്നുള്ള സഞ്ചാരികൾക്ക് 60 യു.എസ്. ഡോളർ ചെലവിൽ 30 ദിവസത്തേക്ക് അംഗീകാരമുള്ള വിസയാണ് നൽകുക. ഇത് വിനോദസഞ്ചാര സംബന്ധമായ കാര്യങ്ങൾക്കുമാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. വിനോദസഞ്ചാരത്തിനായി കേരളത്തിലെത്തുന്ന വിദേശികൾക്ക് പരമാവധി ബുദ്ധിമുട്ടുകൾ കുറച്ച് വിസ ലഭ്യമാക്കുകയും ഇതുവഴി 2021-ഓടെ 30

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിക്കുക എന്ന ലക്ഷ്യമിട്ട് നടത്തുന്ന പ്രചാരണ പരിപാടികൾക്ക് പിന്തുണ നൽകുകയുമാണ് ഉദ്ദേശിക്കുന്നത്. ഇതുവരെയും അധികം കടന്നുചെല്ലാത്ത ഏഷ്യയിലെയും യൂറോപ്പിലെയും വിവിധ വിപണികൾ ഉപയോഗപ്പെടുത്തുക, ഇതോടൊപ്പം ഭാവിയിൽ ഈ വിപണികളിൽനിന്നുള്ള കൂടുതൽ സഞ്ചാരികളെ വിവിധ പ്രചരണ തന്ത്രങ്ങൾ വഴി കേരളത്തിലേക്ക് ആകർഷിക്കുക എന്നിവ ഇതിന്റെ ലക്ഷ്യങ്ങളാണ്. ഇപ്പോൾത്തന്നെ മേൽ രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്.

(സി) ഇതുവഴി ടൂറിസം വ്യവസായത്തിലെ സമഗ്ര മേഖലകളിലും പുതിയൊരു ചലനം ഉണ്ടാക്കുവാൻ കഴിയും. വിനോദസഞ്ചാരം, സുഹൃത്തുക്കളേയും ബന്ധുക്കളേയും സന്ദർശിക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി എത്തുന്നവർക്ക് 30 ദിവസത്തെ കാലാവധിയിലാണ് ടി വിസ നൽകുന്നത്. ഇതുവഴി വിനോദസഞ്ചാര മേഖല ഉൾപ്പെടെ എല്ലാ മേഖലകളിലും അതിന്റെ ഗുണം ലഭ്യമാകുന്നതാണ്.

(ഡി) 2013-ലും 2014-ലും ജപ്പാനിലെ ജപ്പാൻ അസോസിയേഷൻ ഓഫ് ട്രാവൽ ഏജന്റ്സ് (JATA) ഫെയറിലും 2014 ജനുവരിയിൽ ഫിൻലാൻഡിലെ MATKA ട്രാവൽ ഫെയറിലും കേരള ടൂറിസം പങ്കെടുക്കുകയും 2014-ൽ ഫിൻലാൻഡിലെ ഹെൽസിങ്കിയിലും ന്യൂസിലാൻഡിലെ ഓക്ക്ലാൻഡിലും റോഡ്ഷോകൾ സംഘടിപ്പിക്കുകയും ചെയ്തു. പ്രസ്തുത സംവിധാനത്തിന്റെ പ്രചാരണത്തിനായി മേഖലയിലെ അനന്ത സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി വിനോദസഞ്ചാര വകുപ്പ് 'കം ടു-കേരള' എന്ന പേരിൽ ഒരു ഓൺലൈൻ മത്സര പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത രാജ്യങ്ങളിൽനിന്നും വരുന്ന സഞ്ചാരികൾക്ക് കേരളത്തിന്റെ വൈവിധ്യമാർന്ന കാഴ്ചകളും സംസ്കാരങ്ങളും രുചികളും പരിചയപ്പെടുത്തുക എന്ന കാഴ്ചപ്പാടോടു കൂടിയാണ് ഇത് വിഭാവന ചെയ്തിട്ടുള്ളത്. ഫെയ്സ്ബുക്ക്, ട്വിറ്റർ, ഗൂഗിൾപ്ലസ്, ഇൻസ്റ്റാഗ്രാം, പിന്ററസ്റ്റ് തുടങ്ങിയ സോഷ്യൽ മീഡിയ സൈറ്റുകളിലൂടെയുള്ള പ്രചാരണമാണ് ഇതുവഴി ഉദ്ദേശിക്കുന്നത്.